## പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4987** — **22.05.2017-ന് മറുപടിയ്ക്ക്**

# സ്കൂൾ തുറക്കുമ്പോൾത്തന്നെ പാഠപുസ്തകവും യൂണിഫോമും ലഭിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.വി.വിജയദാസ് | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പാഠപുസ്തകവും യൂണിഫോമും സ്കൂൾ തുറക്കുമ്പോൾത്തന്നെ എല്ലാ കുട്ടികൾക്കും ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (എ) സ്കൂൾ തുറക്കുമ്പോൾത്തന്നെ പാഠപുസ്തകങ്ങൾ എല്ലാ കുട്ടികൾക്കും ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 1 മുതൽ 10 വരെയുള്ള ക്ലാസുകളിലെ പാഠപുസ്തകങ്ങൾ യഥാസമയം അച്ചടിച്ച് വിതരണം ചെയ്യുന്നതിന് കേരള ബുക്സ് & പബ്ലിക്കേഷൻ സൊസൈറ്റിയെയും (കെ.ബി.പി.എസ്), 11, 12 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ അച്ചടിച്ച് വിതരണം ചെയ്യുന്നതിന് സി-ആപ്റ്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പാഠപുസ്തക വിതരണം മോണിറ്റർ ചെയ്യുന്നതിനു വേണ്ടിയുള്ള നടപടികൾ ജില്ലാതലത്തിൽ ഉദ്യോഗസ്ഥന്മാരെ ഏൽപിച്ചുകൊണ്ട് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജില്ലാതലത്തിൽ കുറ്റമറ്റ രീതിയിൽ പാഠപുസ്തക വിതരണം നടത്തുന്നതിലേക്കായി വിദ്യാഭ്യാസ ഉപഡയറക്ടർമാരുടെ മേൽനോട്ടത്തിൽ അതത് ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും പാഠപുസ്തക വിതരണത്തിന്റെ പരിശോധനയ്ക്കുള്ള നിർദ്ദേശം നൽകുകയും അവലോകനം നടത്തി പരാതികൾ |

പരിഹരിക്കുന്നതിനു വേണ്ടിയുള്ള ചുമതലയും നൽകിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ മേഖലാടിസ്ഥാനത്തിൽ പാഠപുസ്തക വിതരണം കാര്യക്ഷമമാക്കുന്നതിനും ഏകോപനത്തിനുമായി രണ്ട് അഡിഷണൽ ഡയറക്ടർമാർക്കും ഒരു ജോയിന്റ് ഡയറക്ടർക്കും ചുമതല നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും മാത്രം പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളിൽ കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിന് വേണ്ടിയുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. 1 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കുന്ന സർക്കാർ/എയ്ഡഡ് മേഖലയിലെ കുട്ടികൾക്ക് മുൻവർഷങ്ങളിലെന്നപോലെ രണ്ട് ജോഡി യൂണിഫോമിന് 400/- രൂപ നിരക്കിൽ നൽകുന്നതിന് 19.05.2017ന് ഉത്തരവ് നൽകിയിട്ടുണ്ട്. 22.05.2017 മുതൽ ഈ തുക സ്കൂളുകളിൽ വിതരണം ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിനോടകം എല്ലാ കുട്ടികൾക്കും പുസ്തകവും യൂണിഫോമും വിതരണം നടത്തുവാൻ കഴിഞ്ഞിട്ടുള്ള എത്ര സ്കൂളുകളുണ്ട്; വിശദവിവരം നൽകുമോ? | (ബി) | പാഠപുസ്തകവിതരണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കൃത്യമായ കണക്ക് ഇപ്പോൾ നൽകുവാൻ നിർവ്വാഹമില്ല.<br>യൂണിഫോം വിതരണം 22.05.2017ന് ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നതും തുടർന്ന് 25.05.2017-ഓടുകൂടി എല്ലാ സ്കൂളുകളിലും യൂണിഫോം വിതരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. |

സെക്ഷൻ ഓഫീസർ